നിർഭയ കേരളം സുരക്ഷിത കേരളം

140 (4475) ശ്രീ. കെ. രാധാകൃഷ്ണൻ :
ഡോ. കെ. ടി. ജലീൽ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'നിർഭയ കേരളം സുരക്ഷിത കേരളം' പദ്ധതിയുടെ ലക്ഷ്യം എന്തായിരുന്നു ; ലക്ഷ്യവും പ്രവർത്തനവും സാക്ഷാൽക്കരിക്കപ്പെട്ടിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ ?

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിനുശേഷം നാളിതുവരെ സ്ത്രീകൾക്ക് എതിരെയുണ്ടായ അതിക്രമങ്ങളെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ; സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്യപ്പെട്ട കേസുകളുടെ സ്ഥിതിവിവരക്കണക്കുകളുടെ പശ്ചാത്തലത്തിൽ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയതിനു ശേഷം സ്ത്രീധനത്തിന്റെ പേരിൽ സ്ത്രീകൾ കൊല്ലപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ?

ഉത്തരം

(എ) സ്ത്രീകളുടെ ഇടയിൽ അവബോധം സൃഷ്ടിക്കുന്നതിനും സ്ത്രീകളുടെ സുരക്ഷയുമായി കേരള സർക്കാർ നടപ്പിലാക്കുന്ന സംരംഭമാണ് 'നിർഭയ കേരളം സുരക്ഷിത കേരളം.' കൂടാതെ പൊതുനിരത്തുകളിലും യാത്രാവേളകളിലും സ്ത്രീകൾ അതിക്രമങ്ങൾക്കിരയാകുന്ന സംഭവങ്ങൾക്കെതിരെയും വീടുകൾക്കുള്ളിൽ ഉണ്ടാകുന്ന പീഡനങ്ങൾക്കെതിരെയും വിവിധ സന്ദർഭങ്ങളിൽ സ്ത്രീകൾ നേരിടേണ്ടി വരികയോ ഇരയാകുകയോ ചെയ്യുന്ന അതിക്രമസാഹചര്യങ്ങൾ തിരിച്ചറിയുവാനും സുരക്ഷയ്ക്കായി അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ പ്രവർത്തനവും ലക്ഷ്യവും സാക്ഷാൽക്കരിച്ചുവരുന്നുണ്ട്.

(ബി) സ്ത്രീകൾക്കെതിരെയുണ്ടായ അതിക്രമങ്ങളിൽ കുറവ് വന്നിട്ടുണ്ട്. രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പുരോഗതി വിലയിരുത്താൻ സാധിക്കില്ല. സ്ത്രീ സുരക്ഷാ പദ്ധതികളിൽക്കൂടി സ്ത്രീകൾക്കിടയിൽ നടത്തുന്ന ബോധവൽക്കരണവും പ്രവർത്തനവുംമൂലം എല്ലാ അതിക്രമങ്ങളും പോലീസിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിന് സ്ത്രീകൾ തയ്യാറാകുന്നതുമൂലവും ഇത്തരം കേസുകളിൽ നേരിയ വർദ്ധന രേഖപ്പെടുത്തിയിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ട്

(സി) പദ്ധതി നടപ്പാക്കിയതിനുശേഷം സ്ത്രീധനത്തിന്റെ പേരിൽ 3 സ്ത്രീകൾ കൊല്ലപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly